ISO 9001:2015

ISO 9001 2015 CERTIFIED

ഫോൺ :0460 2250233(ഓഫീസ്)

# നടുവിൽ ഗ്രാമപഞ്ചായത്ത്

പി.ഒ.നടുവിൽ, കണ്ണൂർ (ജില്ല) - 670582

naduvilgp@gmail.com

SC3-3122/2024

തീയതി - 22/06/2024

പ്രേഷിതൻ

സെക്രട്ടറി
നടുവിൽ ഗ്രാപഞ്ചായത്ത്

സ്വീകർത്താവ്

കൺവീനർ & ഇന്റേണൽ വിജിലൻസ് ഓഫീസർ-2
ഉപജില്ലാ അദാലത്ത് സമിതി-2,
തദ്ദേശ സ്വയംഭരണ വകുപ്പ്
കണ്ണൂർ

സർ,

വിഷയം:- നടുവിൽ ഗ്രാമപഞ്ചായത്ത് - ഉപജില്ലാ അദാലത്ത് സമിതി തീരുമാനങ്ങൾ നടപ്പിലാക്കി റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്

സൂചന:- അങ്ങയുടെ 03/06/2024ലെ IVO2/LSGD/KNR/20/2024 നമ്പർ കത്ത്.

********************

സൂചനയിലേക്ക് ശ്രദ്ധക്ഷണിക്കുന്നു. കത്തിൽ ആവശ്യപ്പെട്ട പ്രകാരമുള്ള റിപ്പോർട്ട് താഴെ പറയും പ്രകാരം സമർപ്പിക്കുന്നു.

1. ശ്രീമതി.വാസന്തി.വി.ആർ, കുന്നുംപുറത്ത്, വെള്ളാട് എന്നവർക്ക് കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ട്.
2. ശ്രീ.തോമസ് സെബാസ്റ്റ്യൻ, ആലിലക്കുഴിയിൽ, പുലിക്കുരുമ്പ എന്നവരുടെ അപേക്ഷയിൽ തദ്ദേശസ്വയംഭരണ വകുപ്പ് ചട്ടം 6(9) പ്രകാരമുള്ള ക്രമവൽക്കരണ അധികാര സമിതിയുടെ 15/02/2024ലെ സി.2938/03/18 നമ്പർ ഉത്തരവ് പ്രകാരം അപാകതകൾ പരിഹരിക്കുന്നതിന് ശ്രീ.റോബിൻസ് തോമസ് എന്നവർക്ക് നോട്ടീസ് നൽകിയതിന് ടിയാൻ സമർപ്പിച്ച മറുപടി പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ അന്വേഷണം നടത്തിയതിൽ അപാകതകൾ പരിഹരിച്ചിട്ടില്ലാത്തതിനാൽ കെട്ടിട നമ്പർ അനുവദിച്ചിട്ടില്ല. അപാകതകൾ പൂർണ്ണമായും പരിഹരിക്കുന്നതിന് ശ്രീ.റോബിൻസ് തോമസ് എന്നവർക്ക് 11/06/2024 ഒരു അറിയിപ്പ് കൂടി നൽകിയിട്ടിണ്ട്.
3. ശ്രീമതി.കദീജ.ഐ.വി, മണ്ടേൻകണ്ടി, നടുവിൽ എന്നവരുടെ വീട് 20/06/2024ന് ഒരിക്കൽകൂടി പരിശോധിക്കുകയും ആട്ടുകുളം റോഡ് വിജ്ഞാപനം ചെയ്ത റോഡായി കാണാത്തതിനാലും ടിയാന്റെ വീടിന് മുൻവശം റോഡിന് 5 മീറ്റർ മാത്രമേ വീതിയുള്ളു എന്നതിനാലും ടി റോഡിൽ നിന്ന് വീട്ടിലേക്ക് 2.80 മീറ്റർ ദൂരപരിധി ഉള്ളതിനാലും കെട്ടിട നമ്പർ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

മേൽ വിവരങ്ങൾ അങ്ങയുടെ അറിവിനും മേൽ നടപടികൾക്കുമായി സമർപ്പിച്ചുകൊള്ളുന്നു.

OFFICE OF THE NADUVIL GRAMA PANCHAYAT * NADUVIL, KANNUR-670582

വിശ്വസ്തതയോടെ

SECRETARY
NADUVIL GRAMA PANCHAYATH